# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3334

09/04/2013-ൽ
മറുപടിയ്ക്ക്

## കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം

**ചോദ്യം** **മറുപടി**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി.ഡി.സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | 2012-13 വർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൌകര്യ വികസനപദ്ധതികൾ മെച്ചപ്പെടുത്തുന്നതിനായി കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 270 ലക്ഷം രൂപ 2012-13 വർഷം വകയിരുത്തിയിരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം, ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ, കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ, കായികരംഗത്തെ സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, കോളേജുകളുടെ പൈതൃക സംരക്ഷണം എന്നിവയാണ് കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 2012-13 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി തുക ഈ ആറ് പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; | (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലാണ് 2012-13 വർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) | കോളേജുകളിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | കോളേജുകളിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന പരിപാടികൾ ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു.<br>1. ഗവൺമെന്റ് കോളേജുകൾക്കും, ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം<br>2. സർക്കാർ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും ചെറുകിട അറ്റകുറ്റപ്പണികൾ നടത്തുക. കോളേജുകളുടെ പാരമ്പര്യത്തനിമ നിലനിർത്താനും അപകടങ്ങൾ ഒഴിവാക്കുവാനും |

| | | | |
|---|---|---|---|
| | | | ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.<br>3. സംസ്ഥാനത്തെ കായിക വികസനത്തിനായി എല്ലാ സർക്കാർ കോളേജുകളിലും കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ.<br>4. കോളേജുകളുടെ പൈതൃക സംരക്ഷണം ലക്ഷ്യമാക്കി കലാലയങ്ങളിലെ പഴക്കമേറിയ കെട്ടിടങ്ങളുടെ ഏറ്റെടുത്ത പ്രവർത്തികൾ പൂർത്തീകരിക്കുക.<br>5. മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിനായുള്ള കടുത്ത മത്സരങ്ങൾ നേരിടാൻ യുവാക്കളെ പ്രാപ്തരാക്കുന്നതിനായി ജോബ് ഓറിയന്റഡ് ആഡ് ഓൺ കോഴ്സുകൾ നടത്തുക.<br>6. കോളേജുകളിലും, ഹോസ്റ്റലുകളിലും വിശ്രമമുറികൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ, ഭക്ഷണശാലകൾ, മുറികൾ, കുടിവെള്ള വിതരണം ഹോസ്റ്റലുകളിൽ വാട്ടർ പമ്പ്, ഗ്യാസ് സിസ്റ്റം, അടുക്കളയിലെ മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക. |

സെക്ഷൻ ഓഫീസർ